**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 524** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതികൾക്ക് ബജറ്റിൽ അനുവദിച്ച തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിലെ പദ്ധതികൾക്കായി നീക്കിവെച്ച തുക എത്രയാണ്; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി 2024-25 ബജറ്റിൽ 383890 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 229605 ലക്ഷം രൂപ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനും, ബാക്കി 154285 ലക്ഷം രൂപ പട്ടികജാതി/ പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി വകയിരുത്തിയിട്ടുണ്ട്.

**(ബി)** പ്രസ്തുത സാമ്പത്തിക വർഷത്തിൽ വകുപ്പിനായി അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ; ധനകാര്യ വകുപ്പ് അനുവദിച്ച തുക വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** 2024-25 സാമ്പത്തിക വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കായി വകയിരുത്തിയ തുകയിൽ 171272.01 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ 131360.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾക്കായി അനുവദിച്ച ബജറ്റ് വിഹിതങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**